# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

കേരള റ്റൗൺ &കൺട്രി പ്ലാനിംഗ് കമ്മീഷന്

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :1604** 05.12.14- ൽ മറുപടി നൽ കേണ്ടത്:

| | ചോദ്യം<br>ശ്രീ.വി.എം ഉമ്മർ മാസ്റ്റർ | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി,<br>ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
|---|---|---|---|
| (എ) | കേരള ടൗൺ & കൺട്രി പ്ലാനിംഗ് കമ്മീഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ; | (എ) | (i) സംസ്ഥാനത്തെ നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും ഭൂമിയുടെ സ്ഥലസംബന്ധമായ ആസൂത്രണത്തിനും വികസനത്തിനും ഉപയോഗത്തിനും വേണ്ടിയുള്ള നയരൂപീകരണം സംബന്ധിച്ച കാര്യങ്ങളിന്മേൽ സർക്കാരിനെ ഉപദേശം നൽകുക.<br>(ii) ജില്ലാ ആസൂത്രണ കമ്മിറ്റികളും മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റികളും, ഏതെങ്കിലുമുണ്ടെങ്കിൽ അവയ്ക്ക് സ്പേഷ്യൽ പ്ലാനിങ്ങ് സംബന്ധിച്ച് മാർഗ്ഗനിർ ദ്ദേശവും ഉപദേശവും നൽകുക.<br>(iii) സംസ്ഥാനത്തിനുവേണ്ടിയുള്ള ദീർഘവീക്ഷണ പ്ലാനിന്റെ അടിസ്ഥാനത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെയും അർദ്ധസർക്കാർ ഏജൻസികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സ്ഥലസംബന്ധമായ ആസൂത്രണവും വികസനപ്രവർത്തനങ്ങളും ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക; ടൗൺ ആന്റ് കൺട്രി പ്ലാനിങ്ങ് ഓർഡിനൻസിന്റെ കീഴിലുള്ള സംസ്ഥാന ദീർഘവീക്ഷണപ്ലാൻ തയ്യാറാക്കുക. എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കമ്മീഷനിലെ അംഗങ്ങൾ ആരെല്ലാം; | (ബി) | ~~29 മെമ്പർമാരിൽ.~~ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വൈസ് ചെയർ പേഴ്സൺ, ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ്, ധനകാര്യ വകുപ്പ്, കൃഷി വകുപ്പ്, പരിസ്ഥിതി വകുപ്പ്, ഗതാഗത വകുപ്പ് എന്നിവയുടെ സർക്കാർ നോമിനേറ്റ് ചെയ്യുന്ന ഗവൺ മെന്റ് സെക്രട്ടറിമാർ, ചീഫ് ടൗൺ പ്ലാനർ, ലാൻഡ് റവന്യൂ കമ്മീഷണർ, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡ്സ്) ചീഫ് എഞ്ചിനീയർ , വനം-വന്യജീവി വകുപ്പ് മേധാവി, കേരളാ സ്റ്റേറ്റ് പൊല്യൂഷൻ കൺ ട്രോൾ ബോർഡ് ചെയർ പേഴ്സൺ, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ചെയർ പേഴ്സൺ, കേരളാ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, സർക്കാർ നോമിനേറ്റ് ചെയ്യുന്ന രണ്ട് എം.പി.മാർ, സർക്കാർ നോമിനേറ്റ് ചെയ്യുന്ന രണ്ട് എം.എൽ.എ.മാർ (ഇതിൽ ഒരാൾ പ്രതിപക്ഷ നേതാവ് ആയിരിക്കണം), സർക്കാർ നോമിനേറ്റ് ചെയ്യുന്ന രണ്ട് ജില്ലാ/മെട്രോപൊളിറ്റൻ പ്ലാനിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, ചേംബർ ഓഫ് മേയേഴ്സിന്റെ ചെയർ പേഴ്സൺ, കേരളാ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ്, സർക്കാർ നോമിനേറ്റ് ചെയ്യുന്ന മൂന്ന് നോൺ ഒഫീഷ്യൽ മെമ്പർമാർ (ഇതിൽ രണ്ടുപേർ ട്രാൻ സ്പോർ ട്ടേഷൻ, കൃഷി അല്ലെങ്കിൽ സാമ്പത്തിക ശാസ്ത്രം എന്നിവയിൽ പ്രത്യേക പരിജ്ഞാനവും പ്രായോഗിക പരിചയവുമുള്ളവരും, ഒരാൾ ടൗൺ ആന്റ് കൺട്രി പ്ലാനിംഗിൽ വൈദഗ്ധ്യവും, യോഗ്യതയുമുള്ളയാളും ആയിരിക്കണം) എന്നിവർ ഉൾ പ്പെടുന്നു. |

| | | | |
|---|---|---|---|
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് ഈ കമ്മീഷന് അധികാരമുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ഇല്ല |

Vajeem

സെക്ഷൻ ഓഫീസർ